പിന്നാക്കസമുദായങ്ങളുടെ പട്ടികയിൽചേർത്ത പുതിയ സമുദായങ്ങൾ.

* 764. [59] ശ്രീ. ടി. പി സീതാരാമൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

ഇൻഡ്യാഗവണ്മെൻറിൽ സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് മറ്റു പിന്നാക്കസമുദായങ്ങളുടെ പട്ടിയിൽ പുതുതായി ഏതെങ്കിലും സമുദായങ്ങളെ ഉൾപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ടോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഇൻഡ്യാഗവണ്മെൻറ് സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് മറ്റു പിന്നാക്കസമുദായങ്ങളുടെ കൂട്ടത്തിൽ താഴെ പറയുന്ന സമുദായങ്ങളെ പുതുതായി ഉൾപ്പെടുത്താൻ ശുപാർശ ചെയ്യുകയും അതു ഇൻഡ്യാഗവണ്മെൻറ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

1. ചെഡൻ, 2. ചക്കാൻ, 3. ദേവദാസി, 4. ദേവാംഗൻ, 5. ഈഴവ, 6. എഴുത്തച്ഛൻ, 7. ഗൗഡ, 8. കന്നടച്ചെട്ടി, 9. നായിഡു 10. പാണ്ടിത്തട്ടാൻ, 11. പളക്കുടി, 12. രാജു, 13. ശൈവവെള്ളാളൻ, 14. തെലുംകുചെട്ടി, 15. തമിഴ്ചെട്ടി, 16. തമിഴ്പിള്ള, 17. തുന്നൻ, 18. തരകൻ, 19. വെള്ളാളപിള്ള, 20. വൈശ്യർ, 21. യാദവ (കോനാൻ), 22. ലാറിൻ കത്തോലിക്കർ, 23. മുസ്ലീം, 24. പണ്ഡിതർ (അമ്പട്ടൻ), പ്രാണേപകാരി, നാശിവൻ, 25. ചെക്കാല.

കൂടാതെ സേനൈതലവർ, സമുദായത്തെക്കൂടി ഇൻഡ്യാഗവണ്മെൻറ് സ്കോളർഷിപ്പിനു അർഹതയുള്ള സമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്.

ജ്ഞാനപ്രസ്ഥാനം.

* 765. [60] ശ്രീ. ടി. പി. സീതാരാമൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജ്ഞാനപ്രസ്ഥാനത്തിലേയ്ക്ക് ഈ സംസ്ഥാനത്തുനിന്നും എത്ര ഏക്കർ ഭൂമി ലഭിച്ചിട്ടുണ്ട്;

(ബി) ഈ വിഷയത്തിൽ നിയമനിർമ്മാണങ്ങൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഗവണ്മെൻറിനു ഇതിനെപ്പറ്റി ഔദ്യോഗികമായി അറിവില്ല.

(ബി) ഇതിനെപ്പറ്റിയുള്ള ഒരു നക്കൽ ബിൽ തയാറാക്കി ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്. നിയമസഭയിൽ ഈ ബി അവതരിപ്പിക്കണമെന്നുദ്ദേശിക്കുന്നു.

തെങ്ങുകയറ്റ് തൊഴിലാളി സമരത്തോടു് അനുബന്ധിച്ചു കേസ്സു്.

* 766. [61] ശ്രീ. കെ. എ. ബാലൻ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

LIBRARY ARCHIVES Kerala Legislative Assembly